## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1153** **31.10.2019-ൽ മറുപടിയ്ക്ക്**

**റോഡുകൾ ടാർ ചെയ്യുന്നതിന് ഉപയോഗശൂന്യമായ പ്ലാസ്റ്റിക്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം. സ്വരാജ്** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** | |
| (എ) | റോഡുകൾ ടാർചെയ്യുന്നതിന് ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക് ഉപയോഗപ്പെടുത്തുന്ന രീതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ ടാർ ചെയ്യുന്ന റോഡുകൾ കൂടുതൽ കാലം കേടാകാതെ നിലനിൽക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ; | (ബി) | നിരത്തു വിഭാഗത്തിന് കീഴിൽ ഏകദേശം 300 കി.മീ.റോഡുകൾ പ്ലാസ്.റ്റിക് ഉപയോഗിച്ച് ടാർ ചെയ്തിട്ടുണ്ട്. CRRI, NATPAC തുടങ്ങിയ സ്ഥാപനങ്ങൾ നടത്തിയ പഠനങ്ങളിൽ കൂടുതൽ മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| (സി) | ഇത്തരത്തിൽ ടാറിങ്ങിനായി പ്ലാസ്റ്റിക് കൂടി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (സി) | റോഡ് നിർമ്മാണത്തിൽ ടാറിനൊപ്പം പ്ലാസ്റ്റിക് ചേർത്ത് ബിറ്റുമിൻ ഉപയോഗിച്ച് ടാറിംഗ് നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം 2018-19 സാമ്പത്തിക വർഷം സെൻട്രൽ ഫണ്ട് പദ്ധതിയിൽ അംഗീകാരം ലഭിച്ച പദ്ധതികൾക്ക് നിശ്ചിത ദൈർഘ്യം സ്ട്രെച്ചുകളുടെ ബി.സി. പ്രവൃത്തികളിൽ പ്ലാസ്റ്റിക്ക് പൊടിച്ചത് കലർത്തി നടപ്പിലാക്കുന്നതിനും, നിരത്ത് വിഭാഗത്തിന് കീഴിൽ ബിറ്റുമിനസ് കോൺക്രീറ്റ് ഉപയോഗിച്ച് ടാർ ചെയ്യുന്ന റോഡുകളിൽ എല്ലാം തന്നെ 50% നീളം പ്ലാസ്റ്റിക് ചേർത്ത് നിർമ്മാണ പ്രവൃത്തി അവലംബിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ